No. 135/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യൻ ദൈവമഹത്വം നിറഞ്ഞുനിൽക്കുന്നവനും ഭൂമിയുടെ കാര്യവിചാരകനുമാണ്; എങ്കിലും തന്റെ സ്വാർത്ഥതയാൽ പ്രകൃതിയിൽ കാലങ്ങളായി മനുഷ്യവർഗ്ഗം നടത്തുന്ന ചൂഷണത്തിന്റെ തിക്ത ഫലമാണ് നാം അനുഭവിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ. കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ ശോഷണം, മരുവത്കരണം, ഊർജ്ജ പ്രതിസന്ധി, പ്രകൃതിക്ഷോഭങ്ങൾ, ജലക്ഷാമം തുടങ്ങിയവ ജീവന്റെ നിലനിൽപിനുതന്നെ ഭീഷണിയാകുന്നു. മഹാരാഷ്ട്രയിലെ ലാത്തൂരിലും കേരളത്തിലെ പല ജില്ലകളിലും ഇപ്പോൾ അനുഭവപ്പെടുന്ന കൊടും വരൾച്ച വരുംകാലങ്ങളിൽ നാം അനുഭവിക്കുവാൻ പോകുന്ന കൊടിയ പരിസ്ഥിതി പ്രശ്നങ്ങളുടെ സൂചനയാണ്. ഈ സാഹചര്യത്തിൽ ജലം ഉൾപ്പടെയുള്ള പ്രകൃതി വിഭവങ്ങളുടെ ഉപയോഗം സൂക്ഷ്മതയോടെ നിർവ്വഹിക്കുവാൻ നാം നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ നദികളും പുഴകളും ദൈവത്തിന്റെ വരദാനമാണെന്നുള്ള തിരിച്ചറിവ് സഭാ മക്കളിൽ ഉണ്ടാകണം.

പരിസ്ഥിതി പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് അദ്ധ്യാത്മിക അടിത്തറയിൽ ഊന്നി അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാനും അവ പ്രാവർത്തികമാക്കുവാനും പരിശുദ്ധ സഭയ്ക്ക് ചുമതലയുണ്ട്. സഭയുടെ പരിസ്ഥിതി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ദിശാബോധം നൽകുന്നതിനും നിയോഗിക്കപ്പെട്ട സഭാ പരിസ്ഥിതി കമ്മീഷൻ നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരായ കുര്യാക്കോസ് മാർ ക്ലീമ്മീസ്, ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് എന്നിവരുടെ നേതൃത്വത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ നാം സന്തോഷിക്കുന്നു. പരിസ്ഥിതി കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇടവകകളിൽ ഊർജ്ജപ്പെടുത്തി മെത്രാസന-കേന്ദ്രതലങ്ങളുമായി ബന്ധിപ്പിക്കേണ്ടതാണ്. ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം പള്ളികളിൽ പരിസ്ഥിതിക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുവാനും പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകുന്ന വിവിധ കർമ്മ പദ്ധതികൾ ആത്മീയ സംഘടനകളുമായി ഏകോപിപ്പിച്ച് നടപ്പാക്കുവാനും ശ്രദ്ധിക്കണം. സഭാ പരിസ്ഥിതി കമ്മീഷന്റെ അഖിലമലങ്കര സമ്മേളനം അന്നേദിവസം വി.കുർബ്ബാനയ്ക്കു ശേഷം മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ച് ചേരുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 മെയ് മാസം 12 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.